**KERALA POLICE INFORMATION CENTRE**
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.214/PR/PIC/PHQ/18 Date : 22.08.18

## ശുചീകരണം, പുനരധിവാസം - പോലീസ് സഹായത്തിന് നിർദ്ദേശങ്ങളായി

പ്രളയം നേരിട്ട പ്രദേശങ്ങളിൽ പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾക്ക് പോലീസ് സഹായം നൽകുന്നതിനുള്ള നിർദ്ദേശങ്ങളായി. ഓരോ പോലീസ് സ്റ്റേഷനിലുമുള്ള അൻപതു ശതമാനം പോലീസുദ്യോഗസ്ഥരെങ്കിലും പുനരധിവാസം, ശുചീകരണം, മെഡിക്കൽ ക്യാമ്പുകളുടെ നടത്തിപ്പ്, പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സഹായം നല്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിർദേശിച്ചു. പുതുതായി റിക്രൂട്ട് ചെയ്തവർ ഉൾപ്പെടെ ബറ്റാലിയനിൽ നിന്നുള്ള ക്രമസമാധാന ചുമതല ഇല്ലാത്തവരെയും ഇതിനായി നിയോഗിക്കാം. പ്രത്യേക വാർഡോ പ്രദേശമോ കേന്ദ്രീകരിച്ചായിരിക്കണം ഇവരുടെ പ്രവർത്തനം. സ്പെഷ്യൽ യൂണിറ്റുകളിൽ ഉള്ളവരും ഈ പ്രവർത്തനത്തിൽ പങ്കാളികളാവണം.

റവന്യൂ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, ദുരന്തനിവാരണ അതോറിട്ടി തുടങ്ങി മറ്റ് വകുപ്പുകളും ഏജൻസികളുമായി സഹകരിച്ചായിരിക്കണം ഈ പ്രവർത്തനം. പൊതുവായി സമാഹരിക്കുന്ന ശുചീകരണ ഉപകരണങ്ങളും ആവശ്യമായ സാധനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തണം. ശുചീകരണത്തിനാവശ്യമായ ഗ്ലൗസ്, ടീ ഷർട്ട്, മറ്റു ആവശ്യവസ്തുക്കൾ എന്നിവ ഡിപ്പാർട്ടുമെന്റു തലത്തിൽ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

***************